# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6016**

**07.07.2014 - ൽ മറുപടിക്ക്**

## പടന്നക്കാട് കാർഷിക കോളേജിലെ കോഴ്സുകൾ

**ചോദ്യം**
ശ്രീ. ഇ. ചന്ദ്രശേഖരൻ

**മറുപടി**
**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) പടന്നക്കാട് കാർഷിക കോളേജിൽ പി.ജി. ബ്ലോക്ക് നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ; | എ) | പടന്നക്കാട് കാർഷിക കോളേജിൽ പി.ജി. ബ്ലോക്ക് നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇതന്റെ നിർമ്മാണം ജൂലൈ മാസം തന്നെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) പടന്നക്കാട് കാർഷിക കോളേജിൽ എം.എസ്സി. അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ കോഴ്സുകൾ ഏതെങ്കിലും കാരണത്താൽ മാറ്റാൻ നീക്കം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകാരണത്താലാണെന്ന് വിശദമാക്കാമോ;<br>സി) പ്രസ്തുത കോഴ്സുകൾ മാറ്റാനുള്ള നീക്കത്തിനെതിരായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) & സി) | പടന്നക്കാട് കാർഷിക കോളേജിൽ നിന്നും എം.എസ്സി. അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ കോഴ്സുകൾ മാറ്റുന്നതിന് സർവ്വകലാശാല തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. എന്നാൽ പടന്നക്കാട് കാർഷിക കോളേജിലെ അദ്ധ്യാപക ക്ഷാമം കണക്കിലെടുത്ത് ആ കോളേജിൽ പ്രവേശനം നേടുന്ന ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ കോഴ്സ് വർക്ക് താൽക്കാലികമായി മറ്റു കോളേജുകളിൽ ചെയ്യുന്നതിനുള്ള തീരുമാനം സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾക്ക് തൽസമയം ഇത്തരത്തിൽ മറുപടി നൽകിയിട്ടുണ്ട്. |
| ഡി) പടന്നക്കാട് കാർഷിക കോളേജിൽ തന്നെ പ്രസ്തുത കോഴ്സുകൾ തുടർന്നുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) | അദ്ധ്യാപക നിയമനം പൂർണ്ണമാകുന്നതോടെ കോഴ്സുകൾ പൂർണ്ണമായ തോതിൽ പടന്നക്കാട് കാർഷിക കോളേജിൽതന്നെ തുടരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**